# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2159

18.03.2015 ൽ മറുപടിയ്ക്ക്

## റിസർവ് ബാങ്ക് മാർഗ്ഗ നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളെ തകർക്കുന്ന നിലയിൽ റിസർവ്വ് ബാങ്ക് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ ഇറക്കിയിട്ടുണ്ടോ; | (എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ നിക്ഷേപം ഗവണ്മെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കുന്നതിന് റിസർവ് ബാങ്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശം ടി ബാങ്കുകളുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നതാണ്. |
| (ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ സെക്ഷൻ 11(1) പ്രകാരമുള്ള നിശ്ചിത മൂലധന പര്യാപ്തത പാലിക്കണമെന്ന് റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള നിർദ്ദേശപ്രകാരം 31.03.2015 ന് 7% ഉം 31.03.2017 ന് 9% ഉം മൂലധന പര്യാപ്തത കൈവരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>റിസർവ് ബാങ്കിന്റെ 05.06.2014 ലെ RBI/13-14/631 നമ്പർ വിജ്ഞാപന പ്രകാരം CRR – 4% ആയി വർദ്ധിപ്പിക്കുകയും SLR 25% ൽ നിന്ന് 22.5% ആയി കുറയുകയും ചെയ്തിരുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ 21.07.2014 ലെ സർക്കുലർ പ്രകാരം ജില്ലാ ബാങ്കുകളുടെ SLR നിക്ഷേപം 31.03.2015 നുള്ളിൽ 5% ഉം 31.03.2016 ൽ 10% ഉം 31.03.2017 ൽ പൂർണ്ണമായും ഗവണ്മെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന് RBI നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ |

05.06.2014 ലെ സർക്കുലർ പ്രകാരം കരുതൽ ധന അനുപാതം (CRR) 3% ൽ നിന്നും 4% ആയി 2014 ജൂലൈ മുതൽ റിസർവ് ബാങ്ക് വർദ്ധിപ്പിക്കുകയുണ്ടായി. ആയത് പ്രകാരം ബാങ്കുകൾക്ക് 1% കൂടുതൽ കരുതൽ ധനം വയ്ക്കേണ്ടതായും വരുന്നു.

(സി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വിശദമാക്കാമോ?

(സി) SLR ഇനത്തിൽ നിക്ഷേപിക്കേണ്ട തുകകൾ സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് ജില്ലാ സഹകരണ ബാങ്കുകൾ പിൻവലിക്കുന്നത് സംസ്ഥാന സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 21.07.2014 ലെ RBI സർക്കുലർ പ്രകാരം ജില്ലാ ബാങ്കുകൾ സംസ്ഥാന ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള നിക്ഷേപം കാലാവധിയാകുന്ന മുറയ്ക്ക് ഗവണ്മെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ